## പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2197** **06.02.2019 -ൽ മറുപടിക്ക്.**

## റേഷൻ വിതരണം കാര്യക്ഷമമാക്കാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ആർ.രാജേഷ്:** | **ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
| **(എ)** റേഷൻ വിതരണം കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | **(എ)**<br>• സർക്കാർ ഏജൻസിയായ സപ്ലൈകോ വഴി വാതിൽപ്പടി വിതരണം ആരംഭിച്ചു.<br>• റേഷൻ വിതരണം ഇ-പോസ് മുഖേനയാക്കി. ആധാർ അധിഷ്ഠിത പോർട്ടബിലിറ്റി സംവിധാനം നടപ്പിലാക്കി<br>• ജില്ലാ പരാതി പരിഹാര ഓഫീസർമാരായി അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ്മാരെ നിയമിച്ചു.<br>• സംസ്ഥാന ഭക്ഷ്യകമ്മീഷൻ ചെയർപേഴ്സനെ നിയമിച്ചു.<br>• സംസ്ഥാന ഭക്ഷ്യ കമ്മീഷൻ പൂർണ്ണതോതിൽ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br>• സംസ്ഥാന, ജില്ല, താലൂക്ക്, റേഷൻകട തലങ്ങളിൽ വിജിലൻസ് കമ്മിറ്റികൾ രൂപീകരിക്കുന്നതിന് നടപടി സ്വീകരിച്ച വരുന്നു.<br>• റേഷൻ കടകൾ വൈവിധ്യവൽക്കരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു.<br>• നവീകരണത്തിനായി ഒരു റേഷൻകടയ്ക്ക് 2500/- രൂപ വീതം അനുവദിച്ചു.<br>• 428 കോടി വാർഷിക സാമ്പത്തിക ബാധ്യത വരുന്ന പുതിയ കമ്മീഷൻ പാക്കേജ് 01.12.2018 മുതൽ നടപ്പിലാക്കി.<br>• ഇ-പോസ് മെഷീൻ ത്രാസുമായി ബന്ധിപ്പിക്കാനുള്ള നടപടികൾ സ്വീകരിച്ച വരുന്നു.<br>• പൊതുവിതരണം സോഷ്യൽ ഓഡിറ്റിന് വിധേയമാക്കുന്നതിനുള്ള പൈലറ്റ് പദ്ധതി പുരോഗമിച്ച വരുന്നു. |

- എഫ്.സി.ഐ.യിൽ നിന്ന് വിട്ടെടുത്ത് ജനങ്ങൾക്ക് വിതരണം ചെയ്യുന്നതു വരെയുള്ള ഭക്ഷ്യ ധാന്യങ്ങളുടെ നീക്കം സുതാര്യമാക്കി.

| | |
|---|---|
| **(ബി)** പ്രസ്തുത സംവിധാനത്തിന് എന്തെങ്കിലും അപാകതകൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അപാകതകൾ പരിഹരിക്കുന്നതിനായി സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ? | **(ബി)** ഈ സംവിധാനത്തിന് എന്തെങ്കിലും അപാകത ഉള്ളതായി കണ്ടിട്ടില്ല. എന്നാൽ കണക്ടിവിറ്റി ലഭ്യമാകാത്ത 12 കടകളിൽ ഓഫ് ലൈനായാണ് ബില്ലിംഗ് നടത്തുന്നത്. ഇത് പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**